# Kerala Rural Employment & Welfare Society

(Govt. of Kerala Undertaking)
Public Office Building (Annex), Ground Floor,
Vikas Bhavan P.O,Thiruvananthapuram-695033
Phone No: 0471- 2961064
E-mail :mdkrewstvpm@gmail.com, Website : https://krews.lsgkerala.gov.in
GSTIN:32AAATK5570B2Z2

---

നം.എ/1125/2023 തീയതി: 03-07-2024

## ലേലം / ക്വട്ടേഷൻ നോട്ടീസ്

കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി വക 2007-ലെ രജിസ്ട്രേഷൻ ഉള്ള മഹീന്ദ്ര ബൊളേറോ ജീപ്പ് പരസ്യമായി ലേലം / ക്വട്ടേഷൻ ചെയ്തു വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ക്വട്ടേഷനുകൾ 17-07-2024 തീയതി 5.00 മണി വരെ. കല്ലിയൂർ മുദ്രാലയം ആഫീസിലും തിരുവനന്തപുരത്ത് ക്രൂസ് ആഫീസിലും സ്വീകരിക്കുന്നതാണ്. മേൽപ്പറഞ്ഞ ജീപ്പ് വിൽപ്പനയ്ക്കായുള്ള പരസ്യലേലം 18-07-2024 രാവിലെ 11.30 മണിക്ക് കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ വച്ച് നടത്തുന്നതാണ്.

ക്വട്ടേഷൻ / ലേലത്തിൽ പങ്കെടുക്കുന്നവർ 1,000/- രൂപ നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ചതിന്റെ രസീത് / ഡി.ഡി. ക്രൂസിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാൻ കഴിയുന്ന തരത്തിലുള്ള ഡി.ഡി. വയ്ക്കേണ്ടതാണ്. ലേലത്തിന് ശേഷം ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ലേലത്തിലോ / ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക ഓഫർ ചെയ്തിരിക്കുന്നത് ടി ആൾക്ക് ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നതാണ്. ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയ ആളിന്റെയും തൊട്ടടുത്ത നിരക്കിൽ ഉള്ള ആളിന്റെയും ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരികെ കൊടുക്കുന്നതാണ്. ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടിയാൽ അപ്പോൾ തന്നെ മൊത്തം തുകയുടെ 25% തുക കെട്ടി വയ്ക്കേണ്ടതും കരാറിൽ ഏർപ്പെട്ട് ബാക്കി തുക 7 ദിവസത്തിനുള്ളിൽ മുഴുവനായും അടയ്ക്കേണ്ടതുമാണ്. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും ലംഘനം ഉണ്ടാകുന്ന പക്ഷം അടച്ച തുക തിരികെ നൽകുന്നതല്ല. ലേലം / ക്വട്ടേഷൻ നീട്ടി വയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ക്രൂസ് / ഗ്രാമലക്ഷ്മി മുദ്രാലയം ആഫീസിൽ നിന്നും അറിയാവുന്നതാണ്. കൂടാതെ https://krews.lsgkerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

പി.ജി. പ്രകാശ്,
(ജോയിന്റ് ഡയറക്ടർ, LSGD)
സെക്രട്ടറി

**ലേലം / ക്വട്ടേഷൻ - ഇനം**

**KL01AR4078**
**Mahindra Bolero - 1 No.**
**Jeep (2007 Model)**